പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.805 — 11-06-2014 - ൽ മറുപടിയ്ക്ക്

# ചെക്കുഡാമുകളുടെയും സ്റ്റോറേജ് ഡാമുകളുടെയും നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ് :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, വി.ഡി. സതീശൻ :<br>,, എ.റ്റി. ജോർജ്ജ് : | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. 2013-14 സാമ്പത്തികവർഷം ഇതിനായി പ്രത്യേക പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിലേയ്ക്കായി 106.60 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള 183 ചെക്ക്ഡാമുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br>(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;<br>(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ? | (ബി) (സി) & (ഡി) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥ വ്യതിയാനവും കണക്കിലെടുത്ത് ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച് കുടിവെള്ള വിതരണത്തിനും കൃഷിയ്ക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകുവാനും, നദികളിലൂടെ ഒഴുകി കടലിൽ പതിക്കുന്ന ജലം, വിവിധ സ്ഥലങ്ങളിൽ സംഭരിക്കുവാനുമാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം. ജലവിഭവ വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി - ക്ക് വേണ്ടിയും പ്രസ്തുത പദ്ധതി ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ.